# STD - I

## അദ്ധ്യാപക സഹായി

**പാഠം – പതിനൊന്ന്** **ഭാഗം – ഒന്ന്**

## ദൈവം നമ്മോടു സംസാരിക്കുന്നു

### ലക്ഷ്യം

ബൈബിൾ ദൈവവചനമാണ്. ബൈബിളിലൂടെ ദൈവം നമ്മോട് നിരന്തരം സംസാരിക്കുന്നു ബൈബിൾ വായിക്കുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യും.

### പഠനസഹായികൾ

* ബൈബിൾ
* CCC - 102, 103, 104, 105 - വിശുദ്ധഗ്രന്ഥം
* CCC - 134 (വിശുദ്ധഗ്രന്ഥം – ക്രിസ്തുവായ ഏകഗ്രന്ഥം)
* CCC - 135 (വിശുദ്ധ ലിഖിതങ്ങൾ – ദൈവവചനമാണ്)
* CCC - 136 (ദൈവമാണ് വിശുദ്ധഗ്രന്ഥത്തിന്റെ കർത്താവ്)
* വചനം: നിയമാ. 11:18; 28:2, 2 സാമുവൽ 7:28, സങ്കീ. 33:4; 119:105; 119:172, ജറെമി. 2:4; എസെക്കി. 34:9, മത്താ. 8:16; 13:23, മർക്കോ. 4:20, യോഹ. 1:1; 1:14; 4:41; 5:24; 8:51; 14:24; 15:3, ഹെബ്രാ. 4:12, 1 തിമോ. 4:9, 1 യോഹ. 4:7

### പാഠത്തിന്റെ ഉള്ളടക്കം

* ബൈബിൾ ദൈവവചനമാണ്
* ദൈവവചനം ദൈവത്തിന്റെ വാക്കുകളാണ്.
* നമ്മുടെ മതഗ്രന്ഥമാണ് ബൈബിൾ
* ബൈബിളിലൂടെ ദൈവം നമ്മോട് നിരന്തരം സംസാരിക്കുന്നു
* ബൈബിൾ വായിക്കുകയും കേൾക്കുകയും മനസ്സിലാക്കുകയും വേണം

### പ്രാർത്ഥന

സ്നേഹ പിതാവായ ദൈവമെ, ബൈബിൾ വായിക്കുമ്പോൾ ശ്രദ്ധയോടെ കേൾക്കുവാനും, മനസ്സിലാക്കുവാനുമുള്ള കൃപാവരം ഞങ്ങൾക്കു നൽകണമേ. ആമേൻ.

**ചോദ്യങ്ങൾ**

1. ബൈബിളിലെ വാക്കുകൾ ആരുടെ വചനമാണ്?
2. ക്രൈസ്തവരായ നമ്മുടെ മതഗ്രന്ഥത്തിന്റെ പേരെന്ത്?
3. ദൈവം നിരന്തരം നമ്മോട് സംസാരിക്കുന്നത് എന്തിലൂടെയാണ്?
4. ബൈബിൾ എന്താണ്?
5. ബൈബിൾ ആരാൽ എഴുതപ്പെട്ടതാണ്?

# STD - I

## അദ്ധ്യാപക സഹായി

**പാഠം – പതിനൊന്ന്** **ഭാഗം – രണ്ട്**

## ദൈവം നമ്മോടു സംസാരിക്കുന്നു

### ലക്ഷ്യം

വിശുദ്ധഗ്രന്ഥമായ ബൈബിളിനോട് ഭക്തിയും ആദരവും ഉണ്ടാകണം. സുവിശേഷവചനങ്ങൾ മനഃപാഠമാക്കണം. വചനങ്ങൾ മനസ്സിലാക്കി കാണാതെ പഠിക്കുകയും, ദൈവവചനമനുസരിച്ച് ജീവിക്കുകയും വിശുദ്ധ ബൈബിളിനെ ബഹുമാനിക്കുകയും ചെയ്യും

### പഠനസഹായികൾ

* സമ്പൂർണ്ണ ബൈബിൾ
* ദൈവവചനങ്ങൾ എഴുതിയ ചാർട്ട്
* വചനപ്പെട്ടി
* ബൈബിളിലെ ഏതാനും ചില വ്യക്തികളുടെ പേരുകൾ എഴുതിയ ചാർട്ട് ചിത്രങ്ങൾ സഹിതം

### പാഠത്തിന്റെ ഉള്ളടക്കം

* ബൈബിളിനോട് ഭക്തിയും ആദരവും
* ദൈവവചനമനുസരിച്ച് ജീവിക്കണം
* സുവിശേഷ വചനങ്ങൾ മനഃപാഠമാക്കണം
* നമുക്കു പാടാം – ഈശോ ചൊല്ലിയ സുവിശേഷം....
* വിശുദ്ധ ബൈബിളിനെ എന്നും ഞാൻ സ്നേഹിക്കും, ബഹുമാനിക്കും
* എല്ലാ ദിവസവും ബൈബിൾ വായിച്ചുകേൾക്കും
* ഉണ്ണിക്കവിത – ഉണ്ണി പറഞ്ഞു നമ്മോട്; വചനം കേട്ടു വളർന്നീടൂ.

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, വിശുദ്ധ ബൈബിളിനെ ഭക്തിയോടും ബഹുമാനത്തോടും കൂടെ ഉപയോഗിക്കുവാനും സുവിശേഷ വചനങ്ങൾക്കനുസരിച്ച് ജീവിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ബൈബിളിനെ നാം എങ്ങനെയാണ് ഉപയോഗിക്കേണ്ടത്?
2. വിശുദ്ധഗ്രന്ഥമായ ബൈബിളിനോടുള്ള ആദരവായി ചെയ്യാവുന്ന രണ്ടു സത്പ്രവൃത്തികൾ പറയുക.
3. നാം എങ്ങനെയാണ് ജീവിക്കേണ്ടത്?
4. ദൈവവചനം 1 യോഹന്നാൻ 4:7 കാണാതെ പറയുക.
5. വചനത്തെക്കുറിച്ചുള്ള ഉണ്ണിക്കവിത ചൊല്ലുക